മി. സ്പീക്കർ: ഓർഡർ..... ഓർഡർ...... ചോദ്യം നമ്പർ (*1)

## ലഹരിക്കടത്ത് തടയുന്നതിനുള്ള നടപടികൾ

1 (*1) ശ്രീ. എം. മുകേഷ്:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ മാർഗ്ഗവും വിമാനത്താവളം, റെയിൽവേ എന്നിവ വഴിയും ലഹരിക്കടത്ത് വർദ്ധിച്ചുവരുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപാരം അസാദ്ധ്യമാകുന്നതരത്തിൽ എക്സൈസ് സേനയുടെ പ്രവർത്തനം ആധുനീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്തും മയക്കുമരുന്ന് ഉപയോഗവും വ്യാപാരവും കൂടുതലുള്ളതായി പറയപ്പെടുന്ന കോളനികളിലും പോലീസുമായി ചേർന്ന് നിരീക്ഷണം ശക്തിപ്പെടുത്തിയിട്ടുണ്ടോ;

(സി) അതിർത്തി ചെക്ക്പോസ്റ്റുകളിൽ സദാസമയവും പ്രവർത്തിക്കുന്ന ക്യാമറകൾ സ്ഥാപിക്കുന്നതിനും പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വിമുക്തി മിഷന്റെ പ്രവർത്തനം ശാക്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, (എ) സംസ്ഥാനത്തേയ്ക്കുള്ള ലഹരിക്കടത്ത് തടയുന്നതിനായി വിവിധ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്നുള്ള സംയുക്ത പരിശോധനകളും റെയ്ഡുകളും ശക്തിപ്പെടുത്തിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും റെയിൽ മാർഗ്ഗമുള്ള മയക്കുമരുന്ന് കടത്ത് തടയുന്നതിനായി റെയിൽവേ പോലീസുമായി ചേർന്ന് ട്രെയിനുകളിലും കടൽമാർഗ്ഗമുള്ള ലഹരിക്കടത്ത് തടയുന്നതിനായി കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ് എന്നീ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് തീരപ്രദേശങ്ങളിലും കടലിലും പട്രോളിംഗും പരിശോധനകളും റെയ്ഡുകളും നടത്തിവരുന്നു.

കൂടാതെ കസ്റ്റംസ് വിഭാഗവുമായി ചേർന്നും അവശ്യഘട്ടങ്ങളിൽ പരിശോധന നടത്തിവരുന്നു. (.........ബഹളം........)

മി. സ്പീക്കർ: എന്താണിത്? ഇത് ചോദ്യോത്തരവേളയാണ്. (.........ബഹളം........) ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്ന സമീപനം സ്വീകരിക്കരുത്. അംഗങ്ങൾ സീറ്റിലിരിക്കണം.

(ശ്രീ. രാഹുൽ ഗാന്ധി, എം.പി.-യുടെ ഓഫീസ് ആക്രമിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ എഴുന്നേറ്റുനിന്ന് 'രാഹുൽ ഗന്ധിയുടെ ഓഫീസ് ആക്രമിച്ചത് കാടത്തം' എന്നെഴുതിയ ബാനറും 'രാഹുലിനെ ആക്രമിച്ച് സംഘപരിവാറിന്റെ ഇഷ്ടക്കാരനാകാൻ മുഖ്യമന്ത്രി', 'സംഘപരിവാർ ക്വട്ടേഷൻ ഏറ്റെടുത്ത് സി.പി.എം.' എന്നിങ്ങനെയുള്ള പ്ലക്കാർഡുകളും ഉയർത്തി മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ചോദ്യോത്തരവേളയാണിത്. അംഗങ്ങൾ സീറ്റിലിരിക്കണം. (.........ബഹളം........) ബഹുമാനപ്പെട്ട അംഗങ്ങൾ ചോദ്യോത്തരവേള നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. പ്ലക്കാർഡുകളും ബാനറും ഉയർത്തുന്നത് സഭാ ചട്ടങ്ങൾക്കെതിരാണ്.

ബാനറും പ്ലക്കാർഡുകളും മാറ്റണം. ചോദ്യോത്തരവേള തടസ്സപ്പെടുത്തരുത്. ചോദ്യോത്തരവേളയ്ക്കുശേഷം ബാക്കി കാര്യങ്ങളെടുക്കാം. ബഹുമാനപ്പെട്ട അംഗങ്ങളുടെ നോട്ടീസ് ചെയറിന്റെ പരിഗണനയിലുണ്ട്. (.........ബഹളം........)

(ബി) ഉണ്ട്. സംസ്ഥാന എക്സൈസ് വകുപ്പ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും മദ്യ-മയക്കുമരുന്ന് വില്പനയും ഉപഭോഗവും നടക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കോളനികളിലും പരിസരങ്ങളിലും പോലീസ് വകുപ്പുമായി ചേർന്ന് നിരവധി പരിശോധനകൾ നടത്തിയിട്ടുണ്ട്. കോളനികളിലും പരിസരങ്ങളിലും ലഹരി ഉപയോഗവും അതിനെത്തുടർന്നുണ്ടാകുന്ന കുറ്റകൃത്യങ്ങളും തടയുന്നതിനായി മുൻകരുതൽ പരിശോധനയും രഹസ്യ നിരീക്ഷണങ്ങളും നടത്തിവരുന്നു.

(സി) ഉണ്ട്. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനുമായി പ്രധാനപ്പെട്ട 22 എക്സൈസ് ചെക്കുപോസ്റ്റുകളിൽ സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സദാസമയവും പ്രവർത്തിക്കുന്ന ബോർഡർ

പട്രോളിംഗ് യൂണിറ്റുകൾ വാഹന പരിശോധന നടത്തിവരുന്നു. വനാതിർത്തികളിൽ വനം, റവന്യൂ, പോലീസ് എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനയും നടത്തിവരുന്നു.

(ഡി) മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കുമരുന്നിന്റെയും പുകയില ഉല്പന്നങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി രൂപീകരിച്ച വിമുക്തി മിഷന്റെ കീഴിൽ വിവിധ വകുപ്പുകളെയും സംഘടനകളെയും ഏകോപിപ്പിച്ച് ഫലപ്രദമായ രീതിയിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് തലത്തിൽ വിമുക്തി വാർഡ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. +

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഒരു മിനിട്ട് നിർത്തണം. (.........ബഹളം........) (ഭരണ-പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ എഴുന്നേറ്റുനിന്നു.) അംഗങ്ങൾ സീറ്റുകളിൽ ഇരിക്കണം. സഭാദ്ധ്യക്ഷൻ എഴുന്നേറ്റുനിന്നാൽ അംഗങ്ങൾ

+ ഉത്തരത്തിന്റെ ബാക്കിഭാഗം അനുബന്ധമായി ചേർക്കുന്നു.

ഇരിക്കണമെന്നതാണ് സഭാ ചട്ടം. എല്ലാ അംഗങ്ങളും ഇരിക്കണം. ശ്രീ. എം. നൗഷാദ് ഇരിക്കണം. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഇരിക്കണം. ശ്രീ. മാത്യു കുഴൽനാടനും ബാധകമാണ്. ശ്രീ. മാത്യുവിനും ബാധകമാണ്. (.........ബഹളം........) സഭാ നടപടികൾ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസിനുമുന്നിൽ നടുത്തളത്തിന് സമീപം വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ഭരണപക്ഷാംഗങ്ങൾ ട്രഷറി ബഞ്ചിന് സമീപം വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: സഭ അല്പസമയത്തേയ്ക്ക് നിർത്തിവച്ചിരിക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 9.04-ന് സഭ നിർത്തിവച്ചു.)